# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ജില്ലാ ആഫീസ്, കോഴിക്കോട്

സാധ്യതാ പട്ടിക നമ്പർ: 09/09 കോഴിക്കോട്,
കാറ്റഗറി നമ്പർ: 95/2006 29.10.2009.

## വിജ്ഞാപനം

13.10.2006 –ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പിൽ 3350 - 5275 രൂപ ശമ്പള നിരക്കിൽ വർക്ക് സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള (കാറ്റഗറി നമ്പർ 95/2006) തെരഞ്ഞെടുപ്പിനായി 30.11.2007 തിയതിയിൽ നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. പരീക്ഷയുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പിലായി കോഴിക്കോട് ജില്ലയെ സൂചിപ്പിക്കുന്ന 'D' എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

## ലിസ്റ്റ് I

ഇല്ല.

## ലിസ്റ്റ് II

## മുഖ്യപട്ടിക

| | | | | |
|---|---|---|---|---|
| 100035 | 100108 | 100110 | 100122 | 100147 |
| 100154 | 100168 | 100173 | 100179 | 100198 |
| 100217 | 100224 | 100239 | 100272 | 100286. |

## ഉപപട്ടിക

### 1. ഈഴവ

| | | | | |
|---|---|---|---|---|
| 100032 | 100048 | 100138 | 100140 | 100166 |
| 100194 | 100210 | 100216 | 100236 | 100238 |
| 100313. | | | | |

### 2. പട്ടികജാതി

| | | | | |
|---|---|---|---|---|
| 100041 | 100112 | 100119 | 100206 | 100271 |
| 100309. | | | | |

3. പട്ടികവർഗ്ഗം

ഇല്ല.

4. മുസ്ലീം

| | | | | |
|---|---|---|---|---|
| 100018 | 100051 | 100058 | 100100 | 100121 |
| 100152 | 100174 | 100299 | 100308. | |

5. ലാറ്റിൻ കാത്തലിക്

100067 100137 100228.

6. ഒ.ബി.സി.

100073 100243 100310.

7. വിശ്വകർമ്മ

100087 100106.

8. എസ്.ഐ.യു.സി. നാടാർ/എ.ഐ.

100026 100277.

9. ഒ.എക്സ്.

100290.

10. ധീവര

100219 100312.

കുറിപ്പ്:

(1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ടു എന്നതുകൊണ്ട് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കുന്നതല്ല.

(2) ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

(3) ഉദ്യോഗാർത്ഥികൾ അവരുടെ ജനനതീയതി, ജാതി, യോഗ്യത മുതലായവ തെളിയിക്കുന്നതിന് ആവശ്യമായ അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്കായി 16.11.2009 – ന് രാവിലെ 09.30 –ന് കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസിൽ ഉദ്യോഗാർത്ഥി തന്നെ പ്രമാണങ്ങളുടെ ശരിപ്പകർപ്പുകൾ സഹിതം സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. അസ്സൽ പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

ഒ. എം. ആർ. പരീക്ഷയിൽ 57 (അമ്പത്തിയേഴ്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാനമാർക്കിൽ ആവശ്യമായ ഇളവ് വരുത്തിയാണ് ഉപപട്ടികകൾ തയ്യാറാക്കിയിരിക്കുന്നത്.

ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 19.12.2008 – ലെ സർക്കാർ ഉത്തരവ് നമ്പർ 117/2008/SC ST DD പ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് സർട്ടിഫിക്കറ്റിന്റെ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തഹസിൽദാരിൽനിന്നും 22.03.2005 - നുശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും, മിശ്രവിവാഹിതരായ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുടെ മക്കൾ, തഹസിൽദാരിൽനിന്നും 20.11.2008 - നുശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോമ്പറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. എന്നാൽ ഉപപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കാര്യത്തിൽ, അവരുടെ രജിസ്റ്റർ നമ്പറുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ സാധ്യതാപട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ഉത്തരക്കടലാസു പുനഃപരിശോധന നടത്തുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുനഃപരിശോധിക്കാനും തങ്ങളുടെ ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പികൾ ലഭിക്കാനും അപേക്ഷിക്കാവുന്നതാണ്. ഇതു സംബന്ധിച്ച് വിവരങ്ങൾ റാങ്കുപട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

(കമ്മീഷന്റെ ഉത്തരവുപ്രകാരം)

എ.ആർ. സുധീർബാബു,
ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, കോഴിക്കോട്.

എസ്.പി.കെ./30.10.'09.